**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4234** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി ബാച്ചുകളിൽ തസ്തിക സൃഷ്ടിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കണ്ടറി വിദ്യാഭ്യാസവകുപ്പിൽ ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കുന്നതിലും പ്രൊമോഷൻ നല്കുന്നതിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) സർക്കുലർ നം.1/310/2018 ഉഭപവ തീയതി 23/07/2018, 1958ലെ കെ.എസ്.&എസ്.എസ്.ആർ. രണ്ടാം ഭാഗം ചട്ടം 28(ബി) എന്നിവ പ്രകാരമുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും വർഷങ്ങളായി പാലിക്കാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഭരണപരമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ച വരുന്നതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | 2014 മുതൽ ഗവ:ഹയർ സെക്കണ്ടറിയിലും മോഡൽ റസിഡൻഷ്യൽ സ്കൂളിലുമുൾപ്പെടെ അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിൽ എത്ര തസ്തിക സൃഷ്ടിക്കാനുണ്ടെന്നും പ്രസ്തുത സ്കൂളുകളിൽ സ്ഥിരാദ്ധ്യാപകർ ഇല്ലാത്തതിനാൽ കുട്ടികൾ കൊഴിഞ്ഞുപോകുന്നുണ്ടെന്നുമുള്ള വസ്തുതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | 2014 മുതൽ അനുവദിച്ച ഹയർ സെക്കൻഡറി ബാച്ചുകളിൽ മതിയായ എണ്ണം വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ, സൃഷ്ടിക്കാത്ത 209 തസ്തികകളാണ് ഉള്ളത്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 95 തസ്തികകൾ സൃഷ്ടിക്കാനുണ്ട്. സ്ഥിരാദ്ധ്യാപകർ ഇല്ലാത്തതിനാൽ കുട്ടികൾ കൊഴിഞ്ഞുപോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥിരം അദ്ധ്യാപകരില്ലാത്ത ഹയർ സെക്കണ്ടറി ബാച്ചുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ച് അദ്ധ്യയനം നടത്തിവരുന്നുണ്ട്. |
| (സി) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്വൈസ്-സി) വകുപ്പിന്റെ 08.06.2021 -ലെ സ.ഉ.(കൈ)നം.13/2021/ഉഭപവ ഉത്തരവ് പ്രകാരം വിവിധ എച്ച്.എസ്.എസ്.ടി.(ജൂനിയർ) തസ്തികയിൽ എത്ര ഒഴിവുകളാണ് ഡീകേഡർ ചെയ്ത് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കൻഡറി വിഭാഗത്തിൽ HSST (Jr) തസ്തികകൾ ഡീ കേഡർ ചെയ്ത് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യേണ്ട സാഹചര്യമില്ല. HSST തസ്തികകളിലെ ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| (ഡി) | ഹയർ സെക്കണ്ടറി വിദ്യാഭ്യാസവകുപ്പിൽ കഴിഞ്ഞ | (ഡി) | ഇക്കാര്യത്തിൽ ഭരണപരമായ കാലതാമസം |

| | | | |
|---|---|---|---|
| | കുറേ വർഷങ്ങളായി വിരമിക്കൽ ഒഴിവുകൾ നികത്തുന്നതിൽ രണ്ട് വർഷത്തിനുമേലുള്ള അസാധാരണമായ കാലതാമസം വരുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പൊതുവിദ്യാഭ്യാസ രംഗത്തിനെ ഗുരുതരമായി ബാധിക്കാൻ ഇടയുള്ളതിനാൽ ഈ പ്രവണത അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | | നേരിടുന്നുണ്ട്. കാലതാമസം ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ